# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3878 — 21/06/2018-ൽ മറുപടിക്ക്

**പുതിയ കെ.എസ്.ഇ.ബി. യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഒ. രാജഗോപാൽ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| | നേമം മണ്ഡലത്തിലെ പൂജപ്പുര കെ.എസ്.ഇ.ബി. ഡിവിഷനിൽ നിന്നും 15000 ത്തോളം ഉപഭോക്താക്കളെ ഉൾപ്പെടുത്തി പുതിയ ഒരു കെ.എസ്.ഇ.ബി. യൂണിറ്റ് പാപ്പനംകോട് തുടങ്ങുന്നതിന് തീരുമാനമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തീരുമാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ? | | നേമം അസംബ്ളി മണ്ഡലത്തിൽ പാപ്പനംകോട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 24.02.2016-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉത്തരവ് നൽകിയിട്ടുണ്ട്. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടകരഹിത കെട്ടിടമോ സ്ഥലമോ ഇതുവരെ ലഭ്യമായിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പാപ്പനംകോട് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ